## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*261 09.07.2015 -ലെ മറുപടിയ്ക്ക്

## ടെക്നോളജി ബിസിനസ്സ് ഇൻക്യുബേഷൻ സെന്ററുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ശിവദാസൻ നായർ<br>,, എം. എ. വാഹീദ്<br>,, പി.സി വിഷ്ണുനാഥ്<br>,, ആർ . സെൽവരാജ് | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | എഞ്ചിനീയറിംഗ് കോളേജുകളിലും, പോളിടെക്നിക്കുകളിലും ടെക്നോളജി ബിസിനസ്സ് ഇൻക്യുബേഷൻ സെന്ററുകൾ ആരംഭിക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (ബി) | എഞ്ചിനീയറിംഗ് ബിരുദ/ഡിപ്ലോമ കോഴ്സ് പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള ആത്മ വിശ്വാസം വളർത്തിയെടുക്കുന്നതിനാണ് സോഫ്റ്റ് വെയർ ഇൻക്യുബേഷൻ സെന്ററുകൾ ആരംഭിക്കുന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഇതിനായി അതിവേഗ ഇന്റർനെറ്റ് കണക്ടിവിറ്റിയോട്കൂടി സോഫ്റ്റ് വെയർ ഇൻക്യുബേഷൻ സെന്റർ ആരംഭിക്കുവാനാണ് ലക്ഷ്യമിടുന്നത്. സോഫ്റ്റ് വെയർ വ്യവസായങ്ങൾ വികസിപ്പിക്കുക, വ്യവസായ സ്ഥാപനങ്ങളിലെ പ്രമുഖരുമായി ടെക്ക്നിക്കൽ മീറ്റിങ്ങുകൾ സംഘടിപ്പിക്കുക, അത്യാധുനിക സോഫ്റ്റ് വെയർ ഉപകരണങ്ങളിൽ പരിശീലനം നൽകുക തുടങ്ങിയവ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. |
| (സി) | ആരെല്ലാമാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത്; | (സി) | സംസ്ഥാനത്തെ 8 സർക്കാർ എഞ്ചിനീയറിംഗ് കോളേജുകൾ, 4 പോളി ടെക്ക്നിക്ക് കോളേജുകൾ, കളമശ്ശേരിയിലെ സൂപ്പർവൈസറി ഡെവലപ്മെന്റ് സെന്റർ |

| | | | |
|---|---|---|---|
| | | | എന്നിവിടങ്ങളിലാണ് ടെക്ക്നോളജി ബിസിനസ്സ് ഇൻക്യുബേഷൻ സെന്ററുകൾ ആരംഭിച്ചിട്ടുള്ളത്. |
| (ഡി) | പ്രസ്തുത പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്; വിശദമാക്കാമോ? | (ഡി) | 2014-15 വർഷം ടെക്ക്നോളജി ബിസിനസ്സ് ഇൻക്യുബേഷൻ സെന്റർ ആരംഭിക്കുന്നതിന് സർക്കാർ ഭരണാനുമതി നൽകി 75 ലക്ഷം രൂപ വകയിരുത്തുകയുണ്ടായി. മേൽപറഞ്ഞ സ്ഥാപനങ്ങളിൽ സെന്ററുകൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക, ട്രെയിനിംഗ് പ്രോഗ്രാമുകൾ സംഘടിപ്പിക്കുക എന്നീ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. 2015-16 സാമ്പത്തിക വർഷം പദ്ധതിക്കായി 75 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ